REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 07-02-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഇന്ത്യയും അമേരിക്കയും ഇടക്കാല പരസ്പര - ഉഭയകക്ഷി വ്യാപാര കരാറിന്റെ ചട്ടക്കൂടിന് രൂപം നൽകി.**
- **ആരോഗ്യ വകുപ്പിന്റെ ആന്തരികാവയവമാറ്റ ആശുപത്രിക്ക് കോഴിക്കോട് ചേവായൂരിൽ മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ തറക്കല്ലിടും.**
- **മൂന്നാമത് രാജ്യാന്തര ഊർജ്ജമേള ഇന്ന് എറണാകുളം പനങ്ങാട് കുഫോസ് ഓഡിറ്റോറിയത്തിൽ ആരംഭിക്കും.**
- **ശബരിമല തീർത്ഥാടനത്തിൽ അടുത്ത വർഷം സമഗ്രമാറ്റം വരുത്താൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപടികൾ ആരംഭിച്ചു.**
- **അണ്ടർ-19 ഏകദിന ക്രിക്കറ്റ് ലോകകപ്പ് കിരീടം ഇന്ത്യയ്ക്ക്.**

## വാർത്തകൾ വിശദമായി

ഇന്ത്യയും അമേരിക്കയും ഇടക്കാല പരസ്പര - ഉഭയകക്ഷി വ്യാപാര കരാറിന്റെ ചട്ടക്കൂടിന് രൂപം നൽകിയതായി ഇരുരാജ്യങ്ങളും സംയുക്തമായി പുറപ്പെടുവിച്ച പ്രസ്താവന അറിയിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദിയും അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപും 2025 ഫെബ്രുവരിയിൽ തുടങ്ങിവെച്ച ഇന്ത്യ - US ഉഭയകക്ഷി വ്യാപാര കരാർ സംഭാഷണം കൂടുതൽ വിശാലമാക്കുന്നതിന് രൂപരേഖ സഹായകമാകുമെന്നാണ് വിലയിരുത്തൽ.

✪✪✪

ഛത്തീസ്ഗഡിലെ ജഗ്ദൽപൂരിൽ മൂന്ന് ദിവസത്തെ ഗോത്ര സാംസ്കാരികോത്സവം 'ബസ്തർ പാൻഡം' രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് ഉദ്ഘാടനം ചെയ്യും. ഗോത്രവർഗ ജീവിതവും സാംസ്കാരിക പൈതൃകവും ആചാരങ്ങളും വിശ്വാസ രീതികളും ബസ്തർ പാൻഡത്തിൽ പ്രദർശിപ്പിക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മലേഷ്യൻ സന്ദർശനത്തിന് ഇന്ന് തുടക്കമാകും. വ്യാപാരം, സമ്പദ്‌വ്യവസ്ഥ, സാങ്കേതികവിദ്യ, ഊർജ്ജം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ഇന്ത്യ-മലേഷ്യ ഉഭയകക്ഷി ചർച്ചകൾ സന്ദർശനത്തിന്റെ ഭാഗമായി നടത്തും. കോലാലംപൂരിൽ ഇന്ത്യൻ സമൂഹത്തിന്റെ പ്രത്യേക പരിപാടിയിലും നരേന്ദ്രമോദി പങ്കെടുക്കും.

✪✪✪

മധ്യദൂര ബാലിസ്റ്റിക് മിസൈൽ അഗ്നി - 3 ഒഡിഷയിലെ ചാന്ദിപൂരിൽ വിജയകരമായി പരീക്ഷിച്ചു. സാങ്കേതിക പ്രവർത്തന മാനദണ്ഡങ്ങൾ കൃത്യമായി പൂർത്തീകരിക്കാനായെന്ന് രാജ്യരക്ഷാ മന്ത്രാലയം അറിയിച്ചു.

✪✪✪

കോഴിക്കോട് ചേവായൂരിൽ ആരോഗ്യ വകുപ്പിന്റെ ആന്തരിക അവയവമാറ്റ ആശുപത്രിയ്ക്ക് രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിടും. 617 കോടി രൂപ ചെലവിലാണ് രാജ്യത്ത് ആദ്യമായി ഇത്തരമൊരു സംരംഭം ഒരുക്കുന്നത്. ആദ്യഘട്ട പ്രവർത്തികൾക്ക് 300 കോടി രൂപ ചെലവ് കണക്കാക്കുന്നു.

ചേവായൂർ ത്വക്ക് രോഗ ആശുപത്രി വളപ്പിലെ 20 ഏക്കർ സ്ഥലത്താണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് നിർമിക്കുന്നത്.

മലാപറമ്പിലെ സ്വകാര്യ ആശുപത്രിയുടെ ME. മീരാൻ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കും, കരൾ രോഗ വിഭാഗവും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

മൂന്നാമത് രാജ്യാന്തര ഊർജ്ജമേള രാവിലെ എറണാകുളം പനങ്ങാട് കുഫോസ് ഓഡിറ്റോറിയത്തിൽ മന്ത്രി K കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യും. ഊർജ്ജ ഭാവിയുടെ ശാക്തീകരണം എന്ന പ്രമേയത്തിലാണ് ഊർജ്ജമേള സംഘടിപ്പിച്ചിരിക്കുന്നത്. കേരളത്തെ ഊർജ്ജ സ്വയം പര്യാപ്തതയിലേക്കും സുസ്ഥിര ഹരിത ഭാവിയിലേക്കും നയിക്കുകയെന്ന ലക്ഷ്യത്തോടെയാണ് മേള.

ഗ്രീൻ എക്സ്പോ, ചർച്ചകൾ, എനർജി ക്ലബ് സംസ്ഥാനതല മത്സരങ്ങൾ എന്നിവ മേളയോട് അനുബന്ധിച്ച് നടത്തും.

✪✪✪

കോഴിക്കോട് ഗവ. മെഡിക്കൽ കോളേജ്, ദന്തൽ കോളേജ്, നഴ്സിങ് കോളേജ് എന്നിവിടങ്ങളിലെ പൂർത്തീകരിച്ച പദ്ധതികൾ മന്ത്രി വീണാ ജോർജ്ജ് രാവിലെ ഉദ്ഘാടനം ചെയ്യും. ഏതാനും പദ്ധതികൾക്ക് മന്ത്രി തറക്കല്ലിടുകയും ചെയ്യും.

മെഡിക്കൽ കോളേജിലെ പരീക്ഷാ ബ്ലോക്കും, ഹോസ്റ്റൽ കെട്ടിടവും, ഹീമോഫീലിയ ബ്ലോക്കും ഉൾപ്പെടെ പദ്ധതികളാണ് മന്ത്രി നാടിന് സമർപ്പിക്കുന്നത്.

കോഴിക്കോട് മെഡിക്കൽ കോളേജിൽ നിപ ജാഗ്രത സദസ്സും രാവിലെ മന്ത്രി ഉദ്ഘാടനം ചെയ്യും. ഇതിന്റെ ഭാഗമായി നിപ ഡിജിറ്റൽ ലൈബ്രറി ഉദ്ഘാടനം, സ്കൂൾ വിദ്യാർഥികളുടെ പ്രതിജ്ഞ, അവബോധ പോസ്റ്റർ പ്രകാശനം എന്നിവയും പരിപാടിയിൽ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

കേരളത്തിൽ ഒരു കാരണവശാലും ദേശീയ ജനസംഖ്യ രജിസ്റ്റർ നടപ്പാക്കില്ലെന്ന് വ്യക്തമാക്കി സംസ്ഥാന ഗവൺമെന്റ് ഉത്തരവ് പുറത്തിറക്കി. ഇതുമായി ബന്ധപ്പെട്ട എല്ലാ നടപടികളും 2019-ൽ തന്നെ ഗവൺമെന്റ് നിർത്തിവെച്ചതായി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

✪✪✪

അടുത്ത വർഷം ശബരിമല തീർത്ഥാടനത്തിൽ സമഗ്രമാറ്റം വരുത്താൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപടികൾ ആരംഭിച്ചു. ഇതിന്റെ ഭാഗമായി മണ്ഡല- മകരവിളക്ക് ഫെസ്റ്റിവൽ കൺട്രോൾ ഓഫീസ് ഏപ്രിലിൽ പമ്പയിൽ പ്രവർത്തനം ആരംഭിക്കും. മഹോത്സവത്തിന് മാത്രമായി പ്രത്യേക ബജറ്റും തയ്യാറാക്കും. തിരുവനന്തപുരത്ത് ദേവസ്വം ബോർഡ് ആസ്ഥാനത്ത് ചേർന്ന തീർത്ഥാടന കാലത്തിന്റെ ആദ്യ മുന്നൊരുക്ക അവലോകന യോഗത്തിൽ പുതിയ സമീപന രേഖ ദേവസ്വം ബോർഡ് പ്രസിഡന്റ് ഡോ. K ജയകുമാർ അവതരിപ്പിച്ചു.

✪✪✪

ശബരിമലയെ അടക്കം തകർത്ത് നിലനിൽക്കാൻ കഴിയുമോ എന്ന വിപരീത ബുദ്ധിയാണ് LDFഉം UDFഉം പുലർത്തുന്നതെന്ന് BJP ദേശീയ അധ്യക്ഷൻ നിതിൻ നബീൻ അഭിപ്രായപ്പെട്ടു. വിശ്വാസം തകർക്കാൻ ശ്രമിച്ചവരെ കേരളത്തിലെ ജനങ്ങൾ വെറുതെ വിടില്ലെന്നും അദ്ദേഹം പറഞ്ഞു.

'എന്റെ ബൂത്ത് എന്റെ അഭിമാനം- വികസിത കേരള സംഗമം' പരിപാടിയെ എറണാകുളത്തു അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കേന്ദ്ര

മന്ത്രിമാരായ ശോഭ കരന്തലജെ, ജോർജ് കുര്യൻ, BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ എന്നിവർ ഉൾപ്പെടെ മുതിർന്ന നേതാക്കൾ പരിപാടിയിൽ പങ്കെടുത്തു.

✪✪✪

ശബരിമല സ്വർണക്കൊള്ളക്കേസിൽ ഹൈക്കോടതി നിയമിച്ച പ്രത്യേക അന്വേഷണ സംഘത്തിന് മേൽ CPIM സമ്മർദ്ദം ചെലുത്തുകയാണെന്നും ഓരോ ദിവസവും കേസിലെ പ്രതികൾ ജാമ്യത്തിൽ ഇറങ്ങുകയാണെന്നും AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ കാസർകോട്ട് കുറ്റപ്പെടുത്തി. പ്രതിപക്ഷ നേതാവ് VD സതീശൻ നയിക്കുന്ന പുതുയുഗ യാത്ര കുമ്പളയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. UDF അധികാരത്തിലെത്തിയാൽ എല്ലാ അമ്പലക്കള്ളൻമാരെയെല്ലാം അഴിക്കുള്ളിലാക്കുമെന്ന് KC വേണുഗോപാൽ പറഞ്ഞു.

സംസ്ഥാനത്തെ ജനങ്ങളെ വിധിക്ക് വിട്ടുകൊടുക്കുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നതെന്ന് ജാഥാ ക്യാപ്റ്റൻ കൂടിയായ പ്രതിപക്ഷ നേതാവ് ആരോപിച്ചു. കാസർകോട്ടെ എൻഡോസൾഫാൻ ഇരകൾ ഇപ്പോഴും ദുരിതത്തിലാണെന്നും അവർക്ക് ഗവൺമെന്റ് നൽകിയ വാഗ്ദാനങ്ങൾ പാലിച്ചിട്ടില്ലെന്നും സതീശൻ കുറ്റപ്പെടുത്തി.

യാത്ര ഇന്ന് കണ്ണൂർ ജില്ലയിൽ പ്രവേശിക്കും. വൈകിട്ട് സ്വീകരണ സമ്മേളനം സ്റ്റേഡിയം കോർണറിൽ മുസ്ലീം ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും.

✪✪✪

കേരളത്തെ ലോകത്തിന് മുന്നിൽ അടയാളപ്പെടുത്തുന്നതും മാറ്റമുണ്ടാക്കുന്നതും ഇടത് ഗവൺമെന്റുകളുടെ കാഴ്ചപ്പാടും വികസന നേട്ടങ്ങളുമാണെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ പറഞ്ഞു. LDF ന്റെ വികസന മുന്നേറ്റ ജാഥക്ക് മുക്കത്ത് നൽകിയ സ്വീകരണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗവൺമെന്റിനെതിരെ മാധ്യമങ്ങളെ കൂട്ടുപിടിച്ച് തെറ്റിദ്ധാരാണാജനകമായ പ്രചാരണങ്ങൾ നടക്കുന്നുണ്ടെന്ന് MV ഗോവിന്ദൻ കുറ്റപ്പെടുത്തി.

✪✪✪

ഒരു രാജ്യത്തിന്റെ ആത്മാവിനെ ഉണർത്തുന്നത് അതിന്റെ ഗാനങ്ങളും സംസ്കാരവുമാണെന്ന് ബംഗാൾ ഗവർണർ ഡോ. CV ആനന്ദ ബോസ് പറഞ്ഞു. വന്ദേമാതരത്തിന്റെ 150-ാം വാർഷികാഘോഷത്തോടനുബന്ധിച്ച്,

വന്ദേമാതരം വന്ദേ വിരാസത് യാത്ര കാലടിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

CV ആനന്ദ ബോസ് നയിക്കുന്ന യാത്ര ആദിശങ്കര മാനേജിങ്ങ് ട്രസ്റ്റി K ആനന്ദും, സിനിമ താരം ശോഭനയും ചേർന്ന് ഫ്ളാഗ് ഓഫ് ചെയ്തു.

✪✪✪

തിരുവനന്തപുരത്ത് കേരള രാജ്യാന്തര ഫോക് ഫെസ്റ്റിവലിൽ വൈകിട്ട് സംസ്ഥാനത്തിന്റെ കാക്കാരിശ്ശി നാടകം, വിൽപ്പാട്ട്, കാലാട്ടം, മുടിയാട്ടം, കമ്പുകളി, ചവിട്ടുനാടകം, മലപുലയ ആട്ടം എന്നീ കലാരൂപങ്ങൾ പ്രദർശിപ്പിക്കും. ഘാനയുടെ അക്വാബ നൃത്തവും, ഒഡിഷ്യയുടെ രണപ, കർണാടകയുടെ സിദ്ധി, ഛത്തീസ്ഗഢിന്റെ ഗോണ്ട് മരിയ നൃത്തരൂപങ്ങളും ഇന്ന് അരങ്ങേറും. ഇന്നലെ മന്ത്രി വി ശിവൻകുട്ടി ഞായറാഴ്ച വരെ നീളുന്ന ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്തു. ആറ് വിദേശ രാജ്യങ്ങളിലെ നാടോടി നൃത്ത സംഘങ്ങൾ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

അണ്ടർ 19 ഏകദിന ക്രിക്കറ്റ് ലോകകപ്പ് കിരീടം ഇന്ത്യയ്ക്ക്. സിംബാബ്‌വെയിലെ ഹരാരെയിൽ ഇംഗ്ലണ്ടിനെ 100 റൺസിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ ആറാം തവണയും അണ്ടർ 19 ക്രിക്കറ്റ് ലോകകപ്പ് കിരീടം സ്വന്തമാക്കിയത്. ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ ഒമ്പത് വിക്കറ്റ് നഷ്ടത്തിൽ 411 റൺസ് നേടി. ഇന്ത്യ ഉയർത്തിയ 412 റൺസിന്റെ വിജയലക്ഷ്യം പിന്തുടർന്ന ഇംഗ്ലണ്ട് 40.2 ഓവറിൽ 311 റൺസിന് എല്ലാവരും പുറത്തായി.

80 പന്തിൽ 175 റൺസ് അടിച്ചുകൂട്ടിയ ഇന്ത്യയുടെ 14 കാരൻ വൈഭവ് സൂര്യവംശിയെ കളിയിലെ താരമായും പരമ്പരയിലെ താരമായും തിരഞ്ഞെടുത്തു.

ലോകകപ്പ് നേടിയ ഇന്ത്യൻ ക്രിക്കറ്റ് ടീമിനെ രാഷ്ട്രപതി ദ്രൗപതി മുർമുവും, ഉപരാഷ്ട്രപതി CP രാധാകൃഷ്ണനും പ്രധാനമന്ത്രി നരേന്ദ്രമോദിയും അഭിനന്ദിച്ചു. മികച്ച പ്രകടന ത്തിലൂടെ ടീം ഇന്ത്യ രാജ്യത്തിന് അഭിമാനം നൽകിയെന്ന് രാഷ്ട്രപതി സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

ICC പുരുഷ ട്വന്റി -20 ലോകകപ്പ് ക്രിക്കറ്റിന് ഇന്ന് തുടക്കമാ വും. കൊളംബോയിലെ സിംഹളീസ് സ്പോർട്സ് ക്ലബ്ബിൽ ഇന്ത്യൻ സമയം രാവിലെ 11 ന് ഉദ്ഘാടന മത്സരത്തിൽ പാകിസ്ഥാൻ, നെതർലാൻഡ്സിനെ നേരിടും.

ഉച്ചകഴിഞ്ഞ് മൂന്നിന് കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ രണ്ടാമത്തെ മത്സരത്തിൽ വെസ്റ്റ് ഇൻഡീസും സ്കോട്ട്ല ൻഡും ഏറ്റുമുട്ടും.

നിലവിൽ ചാമ്പ്യന്മാരായ ഇന്ത്യ, അമേരിക്കയെ വൈകിട്ട് ഏഴിന് മുംബൈയിലെ വാങ്കഡെ സ്റ്റേഡിയത്തിൽ നേരിടും. ഇന്ത്യൻ യുവ പേസർ ഹർഷിത് റാണ കാൽമുട്ടിനേറ്റ പരിക്കിനെ തുടർന്ന് ഇന്നത്തെ മത്സരത്തിൽ നിന്ന് പുറത്തായി. മുഹമ്മദ് സിറാജാണ് പകരക്കാരൻ

✪✪✪

സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനലിൽ കേരളം നാളെ സർവീസസിനെ നേരിടും. ഉച്ചകഴിഞ്ഞ് ഒന്നിന് അസമിൽ ദിബ്രുഗഡ് ധാക്കുവാ ഖാന ഫുട്ബോൾ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

കേന്ദ്ര ഭൂജല ബോർഡിന്റെ കണ്ണൂർ ജില്ലയിലെ ഭൂജല മാനേജ്മെന്റ് സംബന്ധിച്ച പഠനം പൂർത്തിയായി. ഭൂജല റീചാർജ്ജിങ്ങിന് നടപടി വേണമെന്ന് പഠന റിപ്പോർട്ട് ആവശ്യപ്പെട്ടു.

കണ്ണൂരിൽ നിന്ന് KO ശശിധരൻ ....

.......വോയ്സ്........

പഴശ്ശി ജലസേചന പദ്ധതിയിലൂടെയുള്ള ജലവിതരണം കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിലൂടെ ജില്ലയിലെ ഭൂജല റീചാർജിങ് കൂടുതൽ ഫലപ്രദമായി നടപ്പാക്കാമെന്ന് പഠനത്തിൽ പറയുന്നു.

ജില്ലയിൽ ഗാർഹിക ആവശ്യങ്ങൾക്കുള്ള ഭൂഗർഭ ജലത്തിന്റെ ഉപയോഗത്തിൽ കുറവ് വന്നിട്ടുണ്ട്. എന്നാൽ കണ്ണൂർ, പാനൂർ, തലശ്ശേരി മേഖലകളിൽ മറ്റിടങ്ങളെ അപേക്ഷിച്ച് ജലലഭ്യത കുറവാണ്. അതിനാൽ ഭൂഗർഭ ജലത്തിന്റെ റീചാർജിങ് നടത്തുന്നത് ഭാവിയിൽ ഈ പ്രദേശങ്ങൾ വരൾച്ചയിലേക്ക് പോകുന്നത് തടയുമെന്നും കേന്ദ്ര ഭൂജല ബോർഡിലെ സയന്റിസ്റ്റ് ജി. ശ്രീനാഥ് പറഞ്ഞു.

കുഴൽ കിണറുകളുടെ പരമാവധി ആഴം 80 മീറ്ററായി നിജപ്പെടുത്തണമെന്നുള്ള നിർദ്ദേശവും ഉയർന്നു. കേന്ദ്ര ഭൂജല ബോർഡും കേരള മേഖല ജല ശക്തി മന്ത്രാലയവും ചേർന്നാണ് ജലപാളി മാപ്പിങ്ങും , ഭൂജല മാനേജ്മെന്റ് സംബന്ധിച്ച പഠനങ്ങളും നടത്തിയത്.

✪✪✪

131-ാമത് മാരാമൺ കൺവൻഷന് നാളെ പത്തനംതിട്ടയിൽ തുടക്കമാകും. എട്ടു ദിവസത്തെ കൺവൻഷൻ ഈ മാസം 15 ന് സമാപിക്കും. നാളെ ഉച്ചയ്ക്ക് മലങ്കര മാർത്തോമ്മാ സുറിയാനി സഭ പരമാദ്ധ്യക്ഷൻ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ കൺവൻഷൻ ഉദ്ഘാടനം ചെയ്യും.

✪✪✪

കലോത്സവങ്ങൾ സാംസ്കാരിക കേരളത്തിന്റെ വളർച്ചയ്ക്ക് ശക്തിയാകണമെന്ന് മന്ത്രി OR കേളു ആവശ്യപ്പെട്ടു. കണ്ണൂർ സർവകലാശാല യൂണിയൻ കലോത്സവത്തിലെ സ്റ്റേജ് മത്സരങ്ങൾ കാഞ്ഞങ്ങാട്ട് പടന്നക്കാട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ RRTS പദ്ധതിയെ അതിവേഗ റെയിൽവേ പാതയെന്ന് വിളിക്കാനാവില്ലെന്ന് മെട്രോമാൻ E ശ്രീധരൻ പറഞ്ഞു. അതിവേഗ റെയിൽ പാതാ നിർദേശത്തെ അട്ടിമറിക്കുന്ന നീക്കമാണ് ഗവൺമന്റിന്റേതെന്ന് അദ്ദേഹം വാർത്താകുറിപ്പൽ കുറ്റപ്പടുത്തി.

RRTS അംഗീകൃത റെയിൽ സംവിധാനമല്ലെന്നും, മെട്രോ ആക്ട് പ്രകാരം കേന്ദ്ര ഭവന - നഗരകാര്യ മന്ത്രാലയത്തിന്റെ കീഴിലാണ് RRTS എന്നും ശ്രീധരൻ പറഞ്ഞു.

✪✪✪

ഇന്നും നാളെയുമായി കോഴിക്കോട് ചെറുവണ്ണൂരിൽ സംഘടിപ്പിക്കുന്ന ആഗോള ഉത്തരവാദിത്ത ടൂറിസം മീറ്റിൽ ബേപ്പൂരിനെ അന്താരാഷ്ട്ര ഉത്തരവാദിത്ത ടൂറിസം കേന്ദ്രമായി പ്രഖ്യാപിക്കും. മീറ്റ് മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും.

ആഗോള മീറ്റിൽ ഇന്ത്യയിലേയും വിദേശത്തേയും 150 പ്രതിനിധികൾ പങ്കെടുക്കും.

✪✪✪

*News Editor പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: രജ്ന കെ*
*DEO: സി കെ സുബോധ്*